പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3542 | 23.06.2014-ൽ മറുപടിക്ക്.

## അഗ്നിശമന സേനയിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അഗ്നിശമന സേനയിൽ എത്ര തസ്തികകളിൽ ഒഴിവുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | : എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വകുപ്പിൽ ആകെ 14 തസ്തികകളിലായി ആകെ 1558 ഒഴിവുണ്ടായിരുന്നു. |
| ബി) അഗ്നിശമനസേനയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇവയിൽ പ്രൊമോഷൻ നടപടികൾ സ്വീകരിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നവ എത്ര; പി.എസ്സ്.സി നിയമനം നടക്കാത്തതിനാൽ ഒഴിഞ്ഞ് കിടക്കുന്നവ എത്ര; വ്യക്തമാക്കാമോ; | ബി) അഗ്നിശമന സേനയിൽ നിലവിൽ ആകെ 13 വിവിധ തസ്തികകളിലായി ആകെ 1265 ഒഴിവുകൾ നിലവിലുണ്ട്. 67 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടവയാണ്. 1192 ഒഴിവുകൾ പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തേണ്ടവയാണ്. |
| സി) ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരം പി.എസ്സ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | സി) വിവിധ തസ്തികകളിലായി 1085 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 14 ക്ലാർക്കുമാർ സൂപ്പർ ന്യൂമററി ആയി നിൽക്കുന്നതിനാൽ ക്ലാർക്ക് തസ്തികയിലെ 4 ഒഴിവുകൾ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ